**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2699** **13-12-2022 - ൽ മറുപടിയ്ക്ക്**

**പദ്ധതി നിർവ്വഹണത്തിൽ കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതികളുടെ നടത്തിപ്പിനായി നിശ്ചയിച്ച പല എസ്.പി.വി. കൾക്കും നിർമ്മാണമേഖലയിലെ പരിചയക്കുറവ് മൂലം പദ്ധതി നിർവ്വഹണത്തിൽ കാലതാമസം നേരിടുന്നതായ ആരോപണം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാനും നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുവാനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (എ) | കിഫ്ബി ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ നിർവ്വഹണത്തിനായി ബന്ധപ്പെട്ട ഭരണ വകുപ്പ് ആണ് എസ്.പി.വി-കളെ തെരഞ്ഞെടുത്ത് പദ്ധതി നിർവ്വഹണത്തിനുള്ള ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നത്. കിഫ്ബി അംഗീകാരം നൽകുന്ന പദ്ധതികൾക്ക് സർക്കാർ/ എസ്.പി.വിയുടെ ടെക്നിക്കൽ കമ്മിറ്റി സാങ്കേതികാനുമതി നൽകി ടെന്റർ നടപടികൾ പൂർത്തിയാക്കി നിർദ്ദിഷ്ട കാലയളവിനുള്ളിൽ പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്യുന്നതിനായി കിഫ്ബിയുടെ വിവിധ തലങ്ങളിലും, കൂടാതെ, ബഹു.മന്ത്രിമാർ/എം.എൽ.എ-മാർ എന്നിവരുടെ നേതൃത്വത്തിലും ബന്ധപ്പെട്ട എസ്.പി.വി-കളുമായി നിശ്ചിത ഇടവേളകളിൽ യോഗങ്ങൾ ചേർന്ന് പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. കൂടാതെ, പദ്ധതി നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിൽ എസ്.പി.വി-കൾ എതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകൾ നേരിടുന്ന പക്ഷം, അവർ ആവശ്യപ്പെടുന്ന മുറയ്ക്ക് പരിഹാര നിർദ്ദേശങ്ങളും പി.എം.സി സർവീസസും കിഫ്ബി നൽകി വരുന്നു. |
| (ബി) | അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന കെട്ടിട നിർമ്മാണപദ്ധതിയുടെ എസ്.പി.വി.ആരാണ്; പ്രസ്തുത പദ്ധതിക്കായി എത്ര രൂപയാണ് കിഫ്ബിയിൽ നിന്ന് അനുവദിച്ചിട്ടുള്ളത്; ഇതിന്റെ വിശദമായ ഡി.പി.ആർ. ആയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്നതിനായി സമർപ്പിക്കപ്പെട്ട കെട്ടിട നിർമ്മാണ പദ്ധതികളുടെ നിലവിലെ സ്ഥിതിയും എസ്.പി.വി കളുടെ പേരും അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |
| (സി) | ഇത് പരിഹരിക്കാൻ എസ്.പി.വി. യുടെ | (സി) | കിഫ്ബിയിൽ പരിശോധനയിലിരിക്കുന്ന |

| | | | |
|---|---|---|---|
| | ഭാഗത്തുനിന്നും എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ? | | ഡി.പി.ആർ അംഗീകാര യോഗ്യമാക്കുന്നതിനുള്ള സാങ്കേതിക നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ